# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബൈസൺവാലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAIDK7/772/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 26/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബൈസൺവാലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK7/772/2021 തീയ്യതി: 26/09/2021

## ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-06-2019 മുതൽ 08-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേഴ്സി തോമസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-12-2020 |
| ശ്രീ ബൈജു കൃഷ്ണൻകുട്ടി | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ ലാൽസിംഗ് എസ് | സെക്രട്ടറി | 01-04-2020 | 13-05-2020 |
| ശ്രീ. സനിൽകുമാർ എ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-05-2020 | 12-06-2020 |
| ശ്രീ ലാൽസിംഗ് എസ് | സെക്രട്ടറി | 13-06-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദിവ്യ കെ.നായർ | അസി. എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജ്യോതിസ് തങ്കം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2020 | 25-11-2020 |
| ശ്രീമതി ജിൻസി ജോസ് | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 26-11-2020 | 31-03-2021 |
| ശ്രീ തോമസ് മണവാളൻ | വെറ്ററിനറി സർജൻ | 01-04-2020 | 30-06-2020 |
| ശ്രീ നന്ദ ഗോപാൽ | വെറ്ററിനറി സർജൻ | 01-07-2020 | 31-03-2021 |
| ശ്രീ സജീവ് എം.ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ജൂഡിൻ ജോൺ ചാക്കോ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷിജിമോൾ കെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ ചന്ദ്രദാസ് എ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| ശ്രീമതി സിനി ടി.ഡി | ഹെഡ്മിസ്ട്രസ് | 01-06-2020 | 03-06-2020 |
| ശ്രീമതി വാസന്തി. ടി.സി | ഹെഡ്മിസ്ട്രസ് | 03-06-2020 | 20-02-2021 |
| ശ്രീ നാരായണൻ എം. | ഹെഡ്മാസ്റ്റർ | 21-02-2021 | 31-03-2021 |
| ശ്രീ. റിക്സൺ ജോർജ്ജ് | വി.ഇ.ഒ. | 01-04-2020 | 12-10-2020 |
| ശ്രീ അനന്തകൃഷ്ണൻ | വി.ഇ.ഒ. | 13-10-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 07-09-2021) | 1-1 |
| 2 | ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-1-1 |
| 3 | നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-1-2 |
| 4 | ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 22-09-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 07-09-2021) | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Majo K George (Senior Grade Auditor, On 19-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.U.Sunny (Audit Officer, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: M.U.Sunny (Audit Officer, On 14-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 07-09-2021) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 14-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 19-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-9 |
| 13 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-10 |
| 14 | മുൻകൂർ രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-10-1 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-10-2 |
| 16 | സ്റ്റോക്ക് രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-09-2021) | 1-10-3 |
| 17 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-10-4 |
| 18 | ആസ്തി പരിപാലനം-തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 24-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-10-5 |
| 19 | ടെണ്ടർ രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-10-6 |
| 20 | എഗ്രിമെന്റ് രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-10-7 |
| 21 | ലോൺ രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 25-09-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-09-2021) | 1-10-8 |
| 22 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-11 |
| 23 | സാംഖ്യയിൽ വർഷാരംഭത്തിലെ ജേണൽ എൻട്രികളും ഡിമാന്റ് എൻട്രികളും സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-12 |
| 24 | പൊരുത്തപ്പെടുത്തൽ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 19-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-13 |
| 25 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 19-08-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: C R Beenakumary (Deputy Director, On 27-09-2021) | |
| 26 | നികുതി-നികുതിയിതര വരുമാനങ്ങൾ-വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-15 |
| 27 | ബാദ്ധ്യതാ ശീർഷകത്തിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല<br>Written By: Majo K George (Senior Grade Auditor, On 19-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 1-16 |
| 28 | തനതുഫണ്ട് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 12-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 1-17 |
| 29 | മാന്വൽ രസീത് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 12-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-09-2021) | 1-18 |
| 30 | വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 12-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-09-2021) | 1-19 |
| 31 | വസ്തുനികുതി -നിർണയത്തിൽ അപാകത<br>Written By: Eby Abraham (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-20 |
| 32 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് (FTEAOS)വിതരണത്തിലെ അപാകതകൾ<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-21 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Eby Abraham (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-22 |
| 34 | തനത് ഫണ്ടിനായി ഒന്നിലേറെ അക്കൗണ്ടുകൾ നിലനിർത്തുന്നു<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 11-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-23 |
| 35 | പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ-തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-24 |
| 36 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ പൂർണ്ണമായയും ലഭ്യമാക്കിയിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-25 |
| 37 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-26 |
| 38 | കുടിവെള്ള പ്രോജക്ടകൾ-ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കൽ-തുടർ നടപടികളില്ല<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 26-09-2021) | 1-27 |
| 39 | വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല<br>Written By: Eby Abraham (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-28 |
| 40 | ഇ-ടെണ്ടർ, ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 22-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-29 |
| 41 | രേഖകൾ ലഭ്യമല്ല- ചെലവ് തടസ്സം ₹94000/-<br>Written By: M.S.Rajeev (Audit Officer, On 22-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-30 |
| 42 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: M.U.Sunny (Audit Officer, On 10-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക കണക്കുകളുടെ പരിശോധന<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-09-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്കു ലഭിച്ച തുകകളുടെ വിനിയോഗം<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-09-2021) | 4-2 |
| 3 | നിക്ഷേപ പദ്ധതികൾ<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| | Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jomon Francis (Senior Grade Auditor, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 10-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.U.Sunny (Audit Officer, On 21-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 25-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 12-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

31.03.2020-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹175552613/- വരവും ₹181197016/- ചെലവും ₹2337235/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 24.02.2021-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.02.2020-ൽ ബജറ്റും 20.02.2021-ൽ പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

### 1-1-2 നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

### 1-1-3 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 4600222 | 4129843 | 470379 |
| | എ | വസ്തുനികുതി | 4000000 | 3609213 | 390787 |
| | ബി | തൊഴിൽ നികുതി | 600222 | 520630 | 79592 |
| 2 | | നികുതിയിതര വരവുകൾ | 2063875 | 2604430 | -540555 |
| | എ | വാടക കെട്ടിടങ്ങൾ | 800000 | 150930 | 649070 |
| | ബി | ലൈസൻസ് | 6000 | 107250 | -101250 |
| | | പലിശ | 250000 | 241173 | 8827 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 6751500 | 6951023 | -199523 |
| 4 | | വികസന ഫണ്ട് | 26891675 | 32269437 | -5377762 |
| 5 | | സംരക്ഷണ ഗ്രാന്റ് | 7545000 | 13191000 | -5646000 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 13175000 | 10001611 | 3173389 |
| 7 | | ഭരണ ചെലവുകൾ | 2300000 | 1773905 | 526095 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2075000 | 3760267 | -1685267 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 7767750 | 4336381 | 3431369 |
| 10 | | പ്ലാൻ-സേവന മേഖല | 104413755 | 14112214 | 90301541 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 10818857 | 2357994 | 8460863 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 0 | 1671981 | -1671981 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 0 | 14895296 | -14895296 |

(അവലംബം-2020-21 പുതുക്കിയ ബജറ്റ്, വാർഷിക കണക്കുകൾ, ബജറ്റ് അലോക്കേഷൻ ഉത്തരവുകൾ)

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ

വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 29.06.2021 | - | - |

1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12873414 |
| വരവ് | 63801227 |
| ആകെ | 76674641 |
| ചെലവ് | 63097270 |
| നീക്കിയിരിപ്പ് | 13577371 |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15516122 | 15516122 | 14303971 | 1212151 | 92.19 |
| വികസനഫണ്ട് (SCP) | 0 | 3137413 | 3137413 | 3024305 | 113108 | 96.39 |
| വികസനഫണ്ട് (TSP) 11416882 | 0 | 1550000 | 1550000 | 1525624 | 24376 | 98.43 |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 4490000 | 4490000 | 2403930 | 2086070 | 53.54 |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4490000 | 4490000 | 2817301 | 1672699 | 62.75 |
| 14 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 1535902 | 1535902 | 1535902 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9699000 | 9699000 | 9699000 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3492000 | 3492000 | 2695181 | 796819 | 77.18 |
| ഐ.സി.ഡി.എസ് | 1205026 | 734458 | 1939484 | 1200000 | 739484 | 61.87 |
| നബാർഡ് സഹായം | 0 | 602000 | 602000 | 585791 | 16209 | 97.30 |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ് ) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | വോട്ടിംഗ് മെഷീൻ | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 10248000 | 5268122 | 1816785 | 1095000 | 0 | 12604337 |
| വികസനഫണ്ട് (SCP) | 2717000 | 420413 | 234588 | | | 2902825 |
| വികസനഫണ്ട് (TSP) | 1550000 | 0 | 75549 | 0 | | 1474451 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3492000 | 0 | 0 | 0 | 35319 | 3456681 |

1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202* | 69732300 | 167 | 43385927 | 25 | 10 | 82.67 |

(അവലംബം-സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് )

*2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മാലിന്യ സംസ്കരണം എന്ന പ്രോജക്ടിന് 10 ലക്ഷം അടങ്കലും ₹889999/- ചെലവുമുണ്ട്. എന്നാൽ, സുലേഖ സോഫ്റ്റ്‌വെയിലും വാർഷിക പദ്ധതി പത്രികയിലും മേൽ പ്രോജക്ടിന്റെ വിശദാംശങ്ങൾ ഇല്ല.

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം | 17.01.2020 |
| ഗ്രാമസഭകൾ | 15.01.2020-02.02.2020 |
| സ്റ്റാന്റിംഗ് കമ്മിറ്റി | 14.02.2020 |
| വികസന സെമിനാർ | 14.02.2020 |
| പഞ്ചായത്ത് കമ്മിറ്റി | 24.02.2020 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും അപൂർണ്ണമാണ്.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 3792400 | 3358327 |
| വെറ്ററിനറി സർജൻ | 5 | 3 | 2055480 | 655745 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 4 | 1553541 | 1500944 |
| സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 2 | 2 | 1197000 | 149293 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 300000 | 300000 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 22 | 22 | 12613804 | 7734101 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2 | 3900000 | 3500000 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 1 | 2000000 | 100000 |
| സെക്രട്ടറി | 48 | 38 | 12648772 | 5621114 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 2 | 1 | 335000 | 261195 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 101 | 81 | 29336303 | 20205208 |
| ആകെ | 202 | 167 | 69732300 | 43385927 |

പദ്ധതി അംഗീകാരം ലഭിച്ചതിനു ശേഷം പ്രോജക്ടുകൾ ഒഴിവാക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയതായി ഏറ്റെടുക്കുന്നതും കാരണം വാർഷിക പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 25 പ്രോജക്ടുകൾ ഒഴിവാക്കുകയും 06

പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയും 38 പ്രോജക്ടുകൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സമയം ലഭിക്കില്ല. കൂടാതെ, ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും നിന്നു ഉയർന്നു വന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി കരട് പദ്ധതി രേഖയിൽ ഉൾപ്പെടുത്തി വികസന സെമിനാറിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ പ്രോജക്ടുകളെ അവഗണിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു കാരണമാവും. മാത്രമല്ല, പുതിയ പ്രോജക്ടുകളും ഭേദഗതി ചെയ്യുന്ന പ്രോജക്ടുകളും ഗ്രാമസഭകളുടെ അംഗീകാരം നേടുന്നില്ല. ഇത്തരത്തിൽ, വ്യക്തമായ കാരണങ്ങളുടെ അഭാവത്തിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതും ഉപേക്ഷിക്കുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്തയെ തന്നെ ഇല്ലാതാക്കും.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 542.35 | 2654246 | 2654788.35 | 2653038.75 | 1750 |
| 100 ദിവസം ഇൻസന്റീവ് | 0 | 627000 | 627000 | 627000 | 0 |
| തൊഴിലാളികളുടെ കൂലി (വിദഗ്ധ തൊഴിലാളികൾ) | 0 | 68645397 | 68645397 | 68645397 | 0 |
| തൊഴിലാളികളുടെ കൂലി (അവിദഗ്ധ തൊഴിലാളികൾ) | 0 | 1937900 | 1937900 | 1937900 | 0 |
| സാധനങ്ങൾ | 0 | 19550942 | 19550942 | 19550942 | 0 |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ- എണ്ണം | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ കാർഡുകൾ- എണ്ണം | വർഷാവസാനമുള്ള ആകെ കാർഡുകൾ | തൊഴിൽ ആവശ്യപ്പെട്ടവർ | | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ |
|---|---|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ | | |
| 3475 | 11 | 189 | 3653 | 2896 | 4966 | 230022 | 946 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3482300 | 200 |
| വിധവാ പെൻഷൻ | 7325700 | 399 |
| വാർദ്ധക്യകാല പെൻഷൻ | 20351300 | 1133 |
| വികലാംഗ പെൻഷൻ | 4424700 | 238 |
| അവിവാഹിത പെൻഷൻ | 165400 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2021 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹22702/- (ഇരുപത്തി രണ്ടായിരത്തി എഴുന്നൂറ്റി രണ്ട് രൂപ മാത്രം) യുടെ നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് 02/2020 ന് ശേഷം എഴുതിയിട്ടില്ല.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോക്കുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

1-10 രജിസ്റ്ററുകളുടെ പരിപാലനം

സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ്, അക്വിറ്റൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. എന്നാൽ, ചുവടെ കൊടുത്തിരിക്കുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അപാകതകളുണ്ട്. (1-10-1 മുതൽ 1-10-8 വരെയുള്ളവ)

1-10-1 മുൻകൂർ രജിസ്റ്റർ

ഗ്രാമപഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ പരിപാലിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ, ഓണം മുൻകൂർ, തൊഴിലുറപ്പ് ഭരണചെലവുകൾക്കുള്ള മുൻകൂർ, സാക്ഷരത പ്രേരകുമാർക്കുള്ള മുൻകൂർ എന്നിങ്ങനെ വിവിധ മുൻകൂറുകൾ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-10-2 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. വർഷാവസാനം ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിക്ഷേപങ്ങൾ തിരികെ നൽകുന്നത് വ്യക്തമായ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലും കൂടാതെയാണ്. അതിനാൽ വാർഷിക കണക്കുകളിലെ കൃത്യത പരിശോധിക്കുന്നതിനും തുകകളുടെ ആധികാരികത ഉറപ്പാക്കുന്നതിനും സാധിക്കുന്നില്ല.

1-10-3 സ്റ്റോക്ക് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിൽ നാല് സ്റ്റോക്ക് രജിസ്റ്ററുകളാണ് ഒരേ സമയം പരിപാലിക്കുന്നത്. വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ ഏതെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനാൽ, സ്റ്റോക്കുകളുടെ വിവരങ്ങൾ കൃത്യമായി വിലയിരുത്തുന്നതിന് സാധിക്കുന്നില്ല. ബിൽ/ വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി , സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-10-4 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-10-5 ആസ്തി പരിപാലനം-തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് ഇതുവരെ നടപ്പായിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.10.2019 ലെ 3-1 തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ അപൂർണ്ണമാണെന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത 159 റോഡ് ആസ്തികളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് നിർദേശിക്കപ്പെട്ടത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. 159 റോഡുകളുടെ വാർഡ് തിരിച്ചുള്ള പട്ടികയും അംഗീകരിച്ചിരുന്നു. കൂടാതെ വിട്ടുപോയ മറ്റ് ആസ്തികളും പരിശോധിച്ച് ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2015-ന് ശേഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 22.04.2020ലെ 1-2 തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന റോഡുകളുടെ നീളവും യഥാർത്ഥ നീളവും തമ്മിൽ വളരെ വ്യത്യാസമുള്ളതിനാൽ അറ്റകുറ്റപ്പണികൾക്കും മറ്റ് പ്രതലമാറ്റ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു എന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ആസ്തികളും പരിശോധിച്ച് ആസ്തി രജിസ്റ്റർ ശരിയായി അപ്ഡേറ്റ് ചെയുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിന് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് സെക്രട്ടറി കൺവീനറായും എൽ.എസ്.ജി.ഡി, തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എഞ്ചിനിയർമാരും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും കമ്മിറ്റിയുടെ സഹായത്തോടെ ആസ്തികൾ തിട്ടപ്പെടുത്തി രജിസ്റ്റർ കാലികമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയും പഞ്ചായത്ത് കമ്മിറ്റിയുടെ 03.02.2021 ലെ 1-1 തീരുമാന പ്രകാരം നിശ്ചയിച്ചിരുന്നുവെങ്കിലും ഇതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടു പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10-6 ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ, ഇ.എം.ഡി വിവരങ്ങൾ, ടെണ്ടർ ലഭിച്ചതും ഉറന്നതുമായ തീയതികൾ, വിജയിയായ ടെണ്ടറുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-10-7 എഗ്രിമെന്റ് രജിസ്റ്റർ

രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തൽ നടത്തി കാലികമാക്കുന്നില്ല. എസ്റ്റിമേറ്റ് തുക, പ്രോബബിൾ എമൗണ്ട് ഓഫ് കോൺട്രാക്ട്, സെക്യൂരിറ്റി നിക്ഷേപം, പിഴ, പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-10-8 ലോൺ രജിസ്റ്റർ

ഗ്രാമപഞ്ചായത്ത് ലൈഫ് ഭവനപദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള ലോണിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. അതിനാൽ ലോൺ വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല. ലോൺ രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക കണക്കുകളിൽ നൽകിയിരിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-11 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല.

| ക്രമ നം | ഹെഡ് | വൗച്ചർ നം | തിയതി | തുക |
|---|---|---|---|---|
| 1 | 411200101 | 4200112 | 12.08.2020 | 676 |
| 2 | 411200101 | 4200113 | 12.08.2020 | 106,929 |
| 3 | 411300101 | 4200114 | 12.08.2020 | 374,022 |
| 4 | 411300101 | 4200115 | 12.08.2020 | 28,333 |
| 5 | 411300101 | 4200116 | 12.08.2020 | 61,580 |
| 6 | 411300101 | 4200117 | 12.08.2020 | 11,208 |
| 7 | 411800101 | 4200118 | 12.08.2020 | 48,764 |
| 8 | 411320101 | 4200119 | 12.08.2020 | 72,605 |
| 9 | 411320101 | 4200120 | 12.08.2020 | 35,788 |
| 10 | 411330101 | 4200121 | 12.08.2020 | 31,226 |
| 11 | 411500101 | 4200122 | 12.08.2020 | 87,095 |
| 12 | 411600101 | 4200123 | 12.08.2020 | 23,910 |
| 13 | 411700101 | 4200124 | 12.08.2020 | 145,789 |
| 14 | 411600101 | 4200125 | 12.08.2020 | 100,587 |
| 15 | 411800101 | 4200126 | 12.08.2020 | 46,123 |
| 16 | 320100115 | 4200164 | 22.10.2020 | 664,849 |
| 17 | 330500202 | 4200306 | 31.03.2021 | 1,100,000 |
| 18 | 440500101 | 4200307 | 31.03.2021 | 570,000 |
| 19 | 440500101 | 4200308 | 31.03.2021 | 360,000 |
| 20 | 440500101 | 4200309 | 31.03.2021 | 70,000 |
| 21 | 320300199 | 4200310 | 31.03.2021 | 110,000 |
| 22 | 440500101 | 4200314 | 31.03.2021 | 2,153,921 |
| 23 | 280800501 | 4200329 | 31.03.2021 | 29,750 |
| 24 | 320200322 | 4200330 | 31.03.2021 | 12,57,564 |
| 25 | 160100799 | 4200332 | 31.03.2021 | 2,528,672 |
| 26 | 460500399 | 4200335 | 31.03.2021 | 19,800 |

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കടിശിക ഡിമാന്റ്, കടിശിക പിരിവ്, കടിശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും ഹെഡുകളുടെ മാറ്റത്തിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-12 സാംഖ്യയിൽ വർഷാരംഭത്തിലെ ജേണൽ എൻട്രികളും ഡിമാന്റ് എൻട്രികളും സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 2020-21ലെ ജേർണൽ എൻട്രി 14.07.2020 ലും 31.03.2021ലും ആണ് ചെയ്തിട്ടുള്ളത്. വസ്തുനികുതി നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-13 പൊരുത്തപ്പെടുത്തൽ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57-ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോഴത്തെ നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2020 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2020-21 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-14 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2021-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹14,991/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 1-15 നികുതി-നികുതിയിതര വരുമാനങ്ങൾ-വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി (ഗാർഹികം)-തൻവർഷം | 1339672 | 861853 | 455066 | 1106153 | 837602 | 264255 |
| വസ്തു നികുതി (ഗാർഹികം)-കുടിശിക | 502931 | 120933 | 370987 | 242263 | 134116 | 113734 |
| വസ്തു നികുതി (ഗാർഹികേതരം)-തൻവർഷം | 2269541 | 1378964 | 848168 | 1780263 | 1442916 | 337356 |
| വസ്തു നികുതി (ഗാർഹികേതരം)-കുടിശിക | 2188406 | 188441 | 1920896 | 501320 | 203348 | 298010 |
| ലൈബ്രറി സെസ് | - | 128855 | - | - | 133108 | - |
| വാടക-തൻവർഷം | 150930 | 104340 | 46500 | 150930 | 104430 | 46500 |
| വാടക-കുടിശിക | 235813 | 31411 | 244402 | രജിസ്റ്റർ ഹാജരാക്കിയിട്ടില്ല | | |
| തൊഴിൽ നികുതി-ജീവനക്കാർ-തൻവർഷം | 382880 | 370880 | 12500 | 376630 | 376630 | 0 |
| തൊഴിൽ നികുതി-ജീവനക്കാർ-കുടിശിക | 0 | 0 | 0 | 6250 | 6250 | 0 |

വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 ബാദ്ധ്യതാ ശീർഷകത്തിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

പഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 1 | 320100115 | 2289185 |
| 2 | 320200299 | 57000 |
| 3 | 320200305 | 4975000 |
| 4 | 320200309 | 579 |
| 5 | 320200316 | 18486 |
| 6 | 320200321 | 16209 |
| 7 | 320300102 | 761846 |
| 8 | 320300199 | 967073 |
| 9 | 320400199 | 75 |
| 10 | 320700204 | 151664 |
| 11 | 320700205 | 13557 |
| 12 | 320700404 | 187000 |
| 13 | 320800199 | 350000 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ (അ) 7/2017/ധന പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിർത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

<u>1-17 തനതുഫണ്ട് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും കൂടാതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ അത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കു ശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

<u>പൊട്ടൻകാട് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്, അക്കൗണ്ട് നമ്പർ. 2000000426</u>

| ക്രമ നമ്പർ | ചെക്ക് നമ്പർ / തീയതി | തുക | ബാങ്കിൽ നിന്ന് ക്യാഷ് പിൻവലിച്ച തീയതി | അക്കൗണ്ട് ചെയ്ത തീയതി |
|---|---|---|---|---|
| 1 | 12622/05.04.2021 | 3100 | 05.04.2021 | 19.04.2021 |
| 2 | 12627/13.04.2021 | 7000 | 13.04.2021 | 15.04.2021 |
| 3 | 12718/10.05.2021 | 2775 | 10.05.2021 | 11.05.2021 |
| 4 | 12739/04.06.2021 | 30200 | 04.06.2021 | 10.08.2021 |
| 5 | 12742/11.06.2021 | 19958 | 11.06.2021 | 16.06.2021 |
| 6 | 12762/25.06.2021 | 3000 | 11.06.2021 | 30.06.2021 |
| 7 | 12787/09.07.2021 | 1630 | 09.07.2021 | 14.07.2021 |

<u>സ്റ്റേറ്റ് ബാങ്ക് - പൊട്ടൻകാട്, അക്കൗണ്ട് നമ്പർ. 57066137674</u>

| ക്രമ നമ്പർ | ചെക്ക് നമ്പർ / തീയതി | തുക | ബാങ്കിൽ നിന്ന് ക്യാഷ് പിൻവലിച്ച തീയതി | അക്കൗണ്ട് ചെയ്ത തീയതി |
|---|---|---|---|---|
| 1 | 672652/17.04.2021 | 5552 | 17.04.2021 | 19.04.2021 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദീകരിക്കുന്നതിനോടൊപ്പം അപാകത ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ കൂടി വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം 4/11.08.2021 മറുപടി ലഭ്യമായില്ല)

<u>1-18 മാന്വൽ രസീത് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിൽ നിന്നും ഔട്ട്ഡോർ കളക്ഷൻ, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഗുണഭോക്തൃ വിഹിതം പിരിക്കൽ എന്നീ ആവശ്യങ്ങൾക്കായി നൽകിയ രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.രസീത് ബുക്കുകളിൽ സെക്രട്ടറി എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. ഉദാഹരണം രസീത് ബുക്ക് നം. 17126 (അനുമോൾ ടി), 17139 (സുജ ഇ.കെ), 17118 (ഫ്രണ്ട് ഓഫീസ്). പിരിവ് തുക രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്ററിൽ (സാലിഷ് ജോസഫ്, രഞ്ജിത സി.പി) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2.രസീത് ബുക്കുകളിൽ അവശേഷിക്കുന്ന രസീതുകൾ റദ്ദ് ചെയ്ത് ഉപയോഗശൂന്യമാക്കുന്നില്ല. ഉദാഹരണം രസീത് ബുക്ക് നം. 17126 (അനുമോൾ ടി), നം. 7828, 17141 (രഞ്ജിത സി.പി)

3.ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം. രസീത് ബുക്ക് നം. 17121/63, 17129/44.

4.ശ്രീ. ശിവദാസ് കെ.എൻ എന്ന ജീവനക്കാരന് ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ (നം. 17119, 17120, 17130, 17131, 17138) പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവാക്കിയത് രേഖപ്പെടുത്തിയ കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനോടൊപ്പം ശ്രീ. ശിവദാസ് കെ.എൻ എന്നയാളുടെ പേരിലുള്ള കളക്ഷൻ രജിസ്റ്റർ പരിശോധിച്ച് അടവ് വിവരം ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം.6/11.08.2021 മറുപടി ലഭ്യമായില്ല)

<u>1-19 വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല</u>

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ തൻവർഷം ₹46500/-

പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | വാടകക്കാരന്റെ പേര് | കടമുറി നമ്പർ | പ്രതിമാസ വാടക | കുടിശിക വരുത്തിയ കാലയളവ് | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ചെയർപേഴ്സൺ, സി.ഡി.എസ് ഫേമസ് ബേക്കറി | ബൈസൺ വാലി പഞ്ചായത്ത് കോമ്പൗണ്ട്. | 4500 | 07/2020 മുതൽ 03/2021 വരെ | 40500 (4500×9 ) | സ.ഉ 1278/20 ത.സ്വ.ഭ.വ തീയതി 29.06.20 പ്രകാരം 04/2020 മുതൽ 06/2020 വരെ വാടകയിൽ ഇളവ് അനുവദിച്ചു. |
| 2 | മധുസൂദനൻ നായർ | ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 2 | 1200 | 11/2020 മുതൽ 03/2021 വരെ | 6000 (1200×5) | |
| | | | | ആകെ | 46500 | |

2020-21 ലെ വാർഷിക ധനകാര്യ പത്രിക (B-15) പ്രകാരം മുൻവർഷങ്ങളിലെ വാടകയിനത്തിൽ ₹204402/- കുടിശികയുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ (കുടിശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ്) രജിസ്റ്ററിൽ വരുത്തിയിട്ടില്ല. മുൻവർഷങ്ങളിലേത് ഉൾപ്പെടെ ₹250902/- പിഴപ്പലിശ സഹിതം 18% ജി.എസ്.ടി, ഫ്ലഡ് സെസ് (2021 ജൂലൈ 31 വരെ) എന്നിവ ഉൾപ്പെടെ പിരിച്ചെടുക്കാൻ സത്വര തുടർനടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം. 7/11.08.2021 മറുപടി ലഭ്യമായില്ല)

## 1-20 വസ്തുനികുതി -നിർണയത്തിൽ അപാകത

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ സമർപ്പിച്ചിരിക്കുന്ന വസ്തുതകൾ, സഞ്ചയയിലെ വസ്തുനികുതി നിർണയ രേഖകൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ, ഉപയോഗക്രമത്തിന് അനുസരിച്ച് യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വസ്തു നികുതി ഡിമാന്റ് ചെയ്തിരിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രജിസ്റ്റർ ക്രമ നം | കെട്ടിട ഉടമ/ അപേക്ഷകന്റെ പേര് | വാർഡ്/ നം | ലൈസൻസ് ആവശ്യം | കെട്ടിടത്തിന്റെ വിസ്തീർണ്ണം, ച.മീ | നിർണ്ണയിച്ച അടിസ്ഥാന നികുതി നിരക്ക് ₹ | ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്തത് പ്രകാരം ബാധകമായ അടിസ്ഥാന നിരക്ക് ₹ | നികുതി നിർണയിച്ച അർദ്ധവർഷം | തൻവർഷം കുറവ് വന്ന അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|---|---|---|---|
| 13 | മാത്യുകുര്യൻ/ സനീഷ് കുമാർ | XIII/19 | ഹോളോബ്രിക്സ് നിർമ്മാണം | 110 | 10 | 40 | 2013-14, I | 110(40-10) =3300 |
| 64 | കുട്ടി ഗോപാലൻ / എം.ഡി കുര്യാക്കോസ് | XII/328 | സ്പാ | 71 | 7 | 90 (സ്പാ- നികുതി നിരക്ക് പഞ്ചായത്ത് നാളിതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല. ഏറ്റവും കുറഞ്ഞ തുകയായ 90 ഇവിടെ പരിഗണിക്കുന്നു) | 2013-14, I | 71(90-7) =5893 |
| 69 | രവിചന്ദ്രൻ | II/348 | റിസോർട്ട് | 356 | 40 | 90 | 2013-14, I | 356(90-40 =17800 |
| 80 | പ്രദീപ്കുമാർ / മോൻസൺ ജോസ് | II/343 | റിസോർട്ട് | 298 | 7 | 90 | 2013-14, I | 298(90-7) =24734 |
| 82 | ഷാജി പൗലോസ് | XII/356 | ഹോം സ്റ്റേ | 89.7 | 7 | 40 | 2018-19, I | 89.7(40-7) = 2960 |
| 84 | സി.ഡി തങ്കച്ചൻ | II/44 | ഹോം സ്റ്റേ | 290 | 7 | 40 | 2013-14, I | 290(40-7) =9570 |
| | | | ആകെ | | | | | 64257 |

ഏതാനും അപേക്ഷകൾ മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ നഷ്ടതുകയാണിത്. അപാകതകൾ അടിയന്തിരമായി പരിഹരിച്ചില്ലെങ്കിൽ ഭാവിയിലും പ്രസ്തുത നഷ്ടം ആവർത്തിക്കുന്നതാണ്. പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്ന്, സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിലുള്ള ഉചിതമായ നികുതി നിരക്ക്, സ്പാ എന്ന ആവശ്യത്തിന് നിശ്ചയിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച അന്വേഷണ കുറിപ്പിന് (നം.9,13/08/2021) മറുപടി ലഭ്യമാക്കിയില്ല

അപാകത കണ്ടെത്തിയ കെട്ടിടങ്ങളുടെ നികുതി നിരക്കിലെ വ്യത്യാസം സഞ്ചയയിൽ ഉൾപ്പെടുത്തി ഡിമാന്റ് കൃത്യമാക്കേണ്ടതും അധിക ഡിമാന്റിന് സപ്ലിമെന്ററി ഡിമാന്റ് നോട്ടീസ് നല്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയ എല്ലാ കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ ഉപയോഗക്രമത്തിനാനുപാതികമായാണോ നിർണ്ണയിച്ചിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസ് അപേക്ഷകളിൽ അപേക്ഷകൻ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടനമ്പർ കൃത്യമാണോ എന്നത് അന്വേഷണ റിപ്പോർട്ട് നല്കുന്ന ഉദ്യോഗസ്ഥനും സെക്ഷനും പരിശോധിക്കേണ്ടതാണ്.

<u>1-21 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് (FTEAOS)വിതരണത്തിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

<u>1 - ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പും പ്രകാരം 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 2 പ്രകാരം "ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ" എന്ന് ഭേദഗതി ചെയ്തിട്ടുമുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ചട്ടപ്രകാരം സെക്രട്ടറി പുതിയ ഫീസ് നിരക്ക് തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതുമുണ്ട്. പുതിയ നിരക്ക് ഭരണസമിതി ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2019-20, 2020-21 വർഷങ്ങളിൽ ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ ലൈസൻസ് അനുവദിച്ചത് എന്ന് ഓഡിറ്റിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A) ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല.

B) പുതുക്കിയ ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും 2019-20, 2020-21 വർഷങ്ങളിൽ വിറ്റുവരവിന് ആനുപാതികമായാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

<u>2. ലോഡ്ജിംഗ് ഹൗസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല</u>

FTEAOS ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ലോഡ്ജുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി. 1955-ലെ തിരുവിതാംകൂർ കൊച്ചി പൊതുജനാരോഗ്യ നിയമത്തിലെ വകുപ്പ് 108-ൽ, ലോഡ്ജിംഗ് ഹൗസുകളുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും പഞ്ചായത്തിൽ അപ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ എഴുതി പരിപാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>3. സ്ഥാപനങ്ങളുടെ വിശദാംശങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ്/ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ-വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. 2019-20 ൽ 111 സ്ഥാപനങ്ങൾക്ക് ലൈസൻസ് ഇഷ്യൂ ചെയ്തുവെങ്കിലും 2020-21 ൽ 84 എണ്ണത്തിന് മാത്രമാണ് ലൈസൻസ് അനുവദിച്ചത്. ലൈസൻസ് എടുക്കുന്നതിന് ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി, അവ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

4. <u>മതിയായ നിരക്കിലുള്ള മുദ്ര പത്രം ഈടാക്കാത്തത്.</u>

കേരള ഫിനാൻസ് ആക്ട്, 2015 പ്രകാരം 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂൾ ക്രമ നം 5(ജി) പ്രകാരം 1-4-2015 പ്രാബല്യത്തിൽ, പുതുതായി എടുക്കുന്ന ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട വാടകക്കരാർ 200 രൂപയുടെ മുദ്രപത്രത്തിലായിരിക്കണം. ആയത് പാലിച്ചതായി കാണുന്നില്ല.

<u>5. ലൈസൻസ് വിതരണം സോഫ്റ്റ്‌വെയർ മുഖേനയല്ല.</u>

ലൈസൻസ് ഇഷ്യൂ ചെയ്യുന്നതിന് പഞ്ചായത്ത് യാതൊരു ഓൺലൈൻ സംവിധാനവും ഒരുക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്, ക്ലോസ് ചെയ്ത വ്യാപാര വാണിജ്യ സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്ന് നീക്കം ചെയ്യൽ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകൽ എന്നിവ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിന് സോഫ്റ്റ്‌വെയർ അത്യാവശ്യമാണ്. അപേക്ഷകളിൽ ജോലിക്കാരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഒന്നിലധികം ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ കെ.പി.ആർ (തൊഴിൽ നികുതി ) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം ഫോം II ൽ വേതന വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ കഴിയാതെ വരുന്നു. കേരള പഞ്ചായത്ത് രാജ് നിയമം-വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ലൈസൻസുകൾ പുതുക്കുന്ന സംഗതികളിൽ അതാത് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ മുൻപ് തന്നെ പുതുക്കേണ്ടതാണ്. ആയത് പാലിക്കുന്നതിലും സോഫ്റ്റ്‌വെയർ ഇല്ലാത്തത് ലൈസൻസ് വിതരണത്തെ ബാധിക്കുന്നു.

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 8/12.08.2021 -ന് മറുപടി ലഭ്യമായില്ല)

<u>1-22 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല</u>

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2020-21 വർഷം ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ

| ഡിമാന്റ് രജിസ്റ്റർ ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 2 | സുമിത് ബേഡ്സ് വാലി റിസോർട്ട് & സ്പാ | I & II |
| | | |

| | | |
|---|---|---|
| 19 | ബ്രാക്കെൽ ഫോറസ്റ്റ് സർവ്വീസ് വില്ല | I |
| 20 | ഷെർവുഡ് ഫോറസ്റ്റ് സർവ്വീസ് വില്ല | I & II |
| 24 | ഈഗിൾ മൗണ്ടൻ വില്ല | I |
| 25 | പോസ്റ്റ് ഓഫീസ്, ബൈസൺവാലി | I & II |
| 27 | കമേലിയ & ഇലട്ടേറിയ റിസോർട്ട് | I & II |
| 29 | ബി.എസ്.എൻ.എൽ | I & II |
| 30 | ഹോളി ഫാമിലി സ്കൂൾ | I & Ii |
| 31 | ടീ ചെറി വില്ല | I & II |
| 32 | ടീ മൗണ്ട് സർവ്വീസ് വില്ല | I & II |
| 33 | വുഡ്പെക്കർ റിസോർട്ട് | I & II |
| 34 | എസ്. എൻ പബ്ലിക് സ്കൂൾ, ബൈസൺവാലി | I & II |
| 35 | ഗ്രീൻ സ്പൈസ് വില്ല | I & II |
| 36 | ഡ്രീം ക്യാച്ചർ റിസോർട്ട് | I |
| 37 | മധുമന്ത്ര റിസോർട്ട് | I |
| 38 | എ.ടി വുഡ് റിസോർട്ട് | I & II |
| 39 | വിലെറ്റ് വുഡ് റിസോർട്ട് | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.10, 13/08/2021) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കേണ്ടതും വരുമാനച്ചോർച്ച സംഭവിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-23 തനത് ഫണ്ടിനായി ഒന്നിലേറെ അക്കൗണ്ടുകൾ നിലനിർത്തുന്നു

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് ഇടപാടുകൾക്കായി മൂന്ന് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. SBI E-Payment, Treasury Savings Bank എന്നീ അക്കൗണ്ടുകൾക്ക് പുറമെയാണിത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അക്കൗണ്ട് നം | ബാങ്ക് | 31.03.2021 ലെ നീക്കിയിരിപ്പ് RP-40(B) പ്രകാരം | റിമാർക്സ് |
|---|---|---|---|---|
| 1 | - | SBT (Own Fund) | 24152 | ബാങ്ക് സ്റ്റേറ്റ്മെന്റ്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. |
| 2 | 2000000426 | SCB POTTANKADU OWN FUND- 2/426 | 3556943 | |
| 3 | 57066137674 | SBI POTTANKADU OWNFUND 674 | 3135997 | |

ഫണ്ട് ഓഫീസ് കളക്ഷൻ തുകകൾ ക്രമമില്ലാതെ മേൽപറഞ്ഞ ക്രമ നം. (2), (3) അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നതെന്ന് പണമടവ് പരിശോധനയിൽ ബോധ്യപ്പെട്ടു. ക്രമ നം. (1) അക്കൗണ്ട് 18.01.2020 ന് ശേഷം പ്രവർത്തനരഹിതമാണ്. തനത് ഫണ്ട് ട്രഷറി അക്കൗണ്ടിന് പുറമെ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് 26.05.2011-ലെ സർക്കുലർ നം. 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശിക്കപ്പെട്ടതാണ്. ഇതിന് വിരുദ്ധമായിട്ടാണ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഒന്നിലേറെ അക്കൗണ്ടുകളിൽ നിലനിർത്തുന്നതും കൈകാര്യം ചെയ്യുന്നതും. (ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 3/11.08.2021) മറുപടി ലഭ്യമായില്ല). ഒന്നിലധികം ബാങ്ക് അക്കൌണ്ടുകൾ തനതുഫണ്ടിനുവേണ്ടി നിലനിർത്താൻ വ്യവസ്ഥയില്ലാത്തതിനാൽ അവ ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-24 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ-തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

ബൈസൺവാലി പ്രൈമറി ഹെൽത്ത് സെന്ററിനും പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കുമായി മരുന്നുകൾ വാങ്ങുന്നതിന് തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിക്ഷേപിച്ചെങ്കിലും മുഴുവൻ തുകയുടെ മരുന്നുകൾ ലഭ്യാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | ഫണ്ട് | ബിൽ നം/ തിയതി | തുക (₹) | ലഭിച്ച മരുന്നുകൾ(₹) | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ (₹) |
|---|---|---|---|---|---|
| പി.എച്ച്.സി-ലേയ്ക്ക് മരുന്ന് വാങ്ങൽ (11/2020-21) | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 8/2019-20, 09.03.2021 | 300000 | 118515 | 181485 |
| സാന്ത്വന പരിചരണം (23/2020-21) | വികസന ഫണ്ട്-പൊതുവിഭാഗം | 9/2020-21, 09.03.2021 | 269443 | 176679 | 292921 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | അലോട്ട്മെന്റ്, 15.03.2021 | 200157 | | |
| ആകെ | | | | | 474406 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ പൂർണ്ണമായയും ലഭ്യമാക്കിയിട്ടില്ല

ബൈസൺവാലി ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് തുക ഔഷധിയിൽ നിക്ഷേപിച്ചിട്ടും മുഴവൻ തുകയുടെ മരുന്നുകൾ ലഭ്യാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് | ഫണ്ട് | ബിൽ നം/ തിയതി | തുക (₹) | ലഭിച്ച മരുന്നുകൾ(₹) | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ (₹) |
|---|---|---|---|---|---|
| ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ (20/2020-21) | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1/2019-20, 19.01.2021 | 300000 | 290396.82 | 9603.18 |
| ആകെ | | | | | 9603.18 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

ബൈസൺവാലി ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് തുക ഹോംകോയിൽ നിക്ഷേപിച്ചിട്ടും മുഴവൻ തുകയുടെ മരുന്നുകൾ ലഭ്യാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് | ഫണ്ട് | ബിൽ നം/ തിയതി | തുക (₹) | ലഭിച്ച മരുന്നുകൾ(₹) | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ (₹) |
|---|---|---|---|---|---|
| ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ (59/2019-20) | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 26/2019-20, 05.11.2020 | 200000 | 0 | 200000 |
| ആകെ | | | | | 200000 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 കുടിവെള്ള പ്രോജക്റ്റുകൾ-ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കൽ-തുടർ നടപടികളില്ല

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ കുടിവെള്ള പദ്ധതികൾക്കായി ജില്ലാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഫണ്ട് | ബിൽ നം/ തിയതി | തുക |
|---|---|---|---|---|---|
| 1 | 85/2020-21 | ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി | വികസന ഫണ്ട്-എസ്.സി.എസ്.പി | 16/04.09.2020 | 81700 |
| 2 | 94/2020-21 | കൊച്ചുമുല്ലക്കാനം അംഗൻവാടി കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ-അൺടൈഡ് ഗ്രാന്റ് | 15/04.09.2020 | 41730 |
| 3 | 95/2020-21 | മരുതുംമൂട്ടിൽ ഭാഗം കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ-അൺടൈഡ് ഗ്രാന്റ് | 13/04.09.2020 | 40870 |
| 4 | 152/2020-21 | 20 ഏക്കർ നോർത്ത് കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 14/04.09.2020 | 41730 |
| 5 | 192/2020-21 | ജോസ്ഗിരി അംഗൻവാടി കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 30/30.11.2020 | 187500 |
| 6 | 199/2020-21 | ഉപ്പാർ അംഗൻവാടി കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 64/16.03.2021 | 176400 |
| 7 | 200/2020-21 | പൊട്ടൻകാട് അംഗൻവാടി കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 63/16.03.2021 | 188300 |
| 8 | 202/2020-21 | 82 അംഗൻവാടി കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 31/16.03.2021 | 170500 |
| 9 | 215/2020-21 | പെത്തലക്കുടി കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 51/05.03.2021 | 70028 |
| 10 | 216/2020-21 | കോമാളിക്കുടി അംഗൻവാടി കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 53/05.03.2021 | 71327 |
| 11 | 217/2020-21 | ഹോമിയോ ആയുർവേദ ഡിസ്പൻസറി കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 54/05.03.2021 | 62591 |
| 12 | 219/2020-21 | 92 അംഗൻവാടി കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 50/05.03.2021 | 53026 |
| 13 | 228/2020-21 | ഷോപ്പിംഗ് കോംപ്ലക്സ് കുഴൽക്കിണർ നിർമ്മാണം | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 52/05.03.2021 | 66959 |
| 14 | 231/2020-21 | കുഴൽ കിണറുകൾക്ക് വാട്ടർ ടാങ്ക്, മോട്ടർ എന്നിവ വാങ്ങൽ | ധനകാര്യ കമ്മീഷൻ-അൺടൈഡ് ഗ്രാന്റ് | 66/05.03.2021 | 320000 |
| | | | ധനകാര്യ കമ്മീഷൻ-അൺടൈഡ് ഗ്രാന്റ് | 68/05.03.2021 | 20998 |

| | | | | | |
|---|---|---|---|---|---|
| 15 | 237/2020-21 | പഞ്ചായത്തിലെ വിവിധ കുഴൽ കിണറുകൾക്ക് വാട്ടർടാങ്ക്, മോട്ടർ | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 65/05.03.2021 | 390000 |
| | | | ധനകാര്യ കമ്മീഷൻ-അൺടൈഡ് ഗ്രാന്റ് | 69/17.03.2021 | 31702 |
| | | | ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ് | 70/17.03.2021 | 77300 |

പ്രോജക്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.01/തീയതി 10.08.2021) മറുപടിയിൽ 4 പദ്ധതികൾ പൂർത്തീകരിച്ചതായും ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നുവെന്നും വിനിയോഗ സാക്ഷ്യപത്രം സഹിതം അറിയിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<u>1-28 വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല</u>

പഞ്ചായത്തിൽ വാങ്ങുന്ന സാധനങ്ങൾ പലതും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. തനത് ഫണ്ടിൽ നിന്നും ഫർണിച്ചർ വാങ്ങാനായി സെക്രട്ടറി ചെലവഴിച്ച ഏതാനും തുകകൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം 21900939, 30/03/21

വാർഡ് I- ലെ 91-ാം നം അംഗൻവാടിയിലേയ്ക്ക് ഫർണ്ണിച്ചർ- ₹6150/-

(5900+ 250 വാഹനവാടക )

2. വൗച്ചർ നം 22001052, 30/03/21

പി.എച്ച്.സി ഓഫീസിലേയ്ക്ക് ഫർണ്ണിച്ചർ – ₹ 23550/-

3.വൗച്ചർ നം 22001053, 30/03/21

പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണ്ണിച്ചർ -₹ 22500/-

വാങ്ങുന്ന സാധനങ്ങൾ ഇൻവോയ്സ് നമ്പർ, തീയതി / കാഷ് ബിൽ നമ്പർ, തീയതി & മോഡൽ നമ്പർ/സീരിയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യക്തമായും കൃത്യമായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ വൌച്ചറുകൾ പ്രകാരമുള്ള ഫർണിച്ചർ സ്റ്റോക്കിൽ ചേർത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>1-29 ഇ-ടെണ്ടർ, ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിച്ചിട്ടില്ല</u>

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) നം.1288/15 പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 05 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|---|
| 2020-21 | 5 | 15255 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

<u>1-30 രേഖകൾ ലഭ്യമല്ല- ചെലവ് തടസ്സം ₹94000/-</u>

വി ഇ ഓ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ കളക്ട്ടേഴ്സ് അറ്റ് സ്കൂൾ, റിങ് കമ്പോസ്റ്റ് എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 16 വേസ്റ്റ് ബിന്നുകളും 12 കോൺക്രീറ്റ് റിങ് കമ്പോസ്റ്റ് യൂണിറ്റുകളും വാങ്ങുന്നതിന് പണം നല്കിയിട്ടുള്ളതായി കാണുന്നു.

ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

<u>1)പ്രോജക്ട് നം. 68/21-കളക്ട്ടേഴ്സ് അറ്റ് സ്കൂൾ</u> (സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിനുള്ള നാല് ബിന്നുകൾ വീതം നല്കാനുദ്ദേശിച്ചുള്ള പദ്ധതി)

കരാറുകാരൻ- ശ്രീ റോബിൻ സി ജോസ്, ബയോ അഗ്രിങ്, ചെപ്പുകുളം.

ചെക്ക് നം.672596/22.12.2020. ₹64000/-(യൂണിറ്റൊന്നിന് ₹4000/-പ്രകാരം 16 ബിന്നുകളുടെ വില)

<u>2)പ്രോജക്ട് നം.149/21-റിങ് കമ്പോസ്റ്റ്.</u>

കരാറുകാരൻ- ശ്രീ റോബിൻ സി ജോസ്, ബയോ അഗ്രിങ്, ചെപ്പുകുളം.

ചെക്ക് നം.269060/27.03.2021.₹30000/- (യൂണിറ്റൊന്നിന് ₹2500/-പ്രകാരം 12 കമ്പോസ്റ്റ് യൂണിറ്റുകളുടെ വില)

എന്നാൽ ഈ രണ്ടു പദ്ധതികളിലും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതായി കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ, സ്ഥാപിക്കപ്പെട്ടതു സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ആകെ ചെലവ് ₹94000/- തടസ്സപ്പെടുത്തുന്നു.

<u>1-31 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ</u>

എഫ്.എൽ.ടി.സി-യും കമ്മ്യൂണിറ്റി കിച്ചനുമാണ് കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ ഒരുക്കിയിട്ടുള്ള പ്രധാന

സംവിധാനങ്ങൾ. FLTC യുടെ പ്രവർത്തനത്തിനായി ലഭിച്ചിട്ടുള്ള ₹500000/-യും ഗ്രാമ പഞ്ചായത്ത് വിനിയോഗിച്ചിട്ടുണ്ട്. ഫേയ്മസ് കുടുംബശ്രീ യൂണിറ്റാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. റേഷൻ കടയിൽ നിന്നും സബ്സിഡി ഇനത്തിൽ 1200kg അരിയും മറ്റിതര മാർഗ്ഗങ്ങളിലൂടെ 450 Kg അരിയും കമ്മ്യൂണിറ്റി കിച്ചനിലേക്ക് ലഭ്യമായിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് സംഭാവനകളൊന്നും ലഭ്യമായിട്ടില്ല. യൂത്ത് വോളണ്ടിയർമാർക്ക് പരിശീലനം നൽകി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടില്ല. ഹെൽപ്പ് ഡസ്ക്/വാർ റൂം രൂപീകരണവും നടന്നിട്ടില്ല. ഗുരുതര രോഗ ബാധിതർക്ക് മരുന്നു വാങ്ങി നൽകുന്നതിനായി പ്രോജക്ടുകളൊന്നും ഏറ്റെടുത്തിട്ടില്ല. കോവിഡ് വ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള പ്രതിരോധ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക കണക്കുകളുടെ പരിശോധന

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പദ്ധതികൾക്കു ലഭിച്ച തുകകളുടെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തൻവർഷം ലഭിച്ച തുക(₹) | പ്രോജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|
| അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 300000 | സാന്ത്വന പരിചരണം(23/21) | 300000 | 0 |
| | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ്(7/21) | 250000 | 0 |
| | 264941 | സാന്ത്വന പരിചരണം(121/21) | 264941 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ്(7/21) | 250000 | 0 |
| | 220000 | നെൽകൃഷി കർഷകർക്ക് കൂലി ചെലവ് (89/21) | 220000 | 0 |

### 4-3 നിക്ഷേപ പദ്ധതികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | ചെക്ക് നം. | തുക ₹ | | തുക ₹ |
|---|---|---|---|---|---|---|
| 1 | ജില്ലാ ഗ്രൗണ്ട് വാട്ടർ അതോറിറ്റി, ഇടുക്കി തൊടുപുഴ | ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി | 16/04.09.20 | 81700 | 0 | 81700 |
| 2 | | കൊച്ചുമുല്ലക്കാനം അംഗൻവാടി കുടിവെള്ള പദ്ധതി | 15/16.04.20 | 41730 | 0 | 41370 |
| 3 | | മരുതുംമൂട്ടിൽ ഭാഗം കുടിവെള്ള പദ്ധതി | 13/04.09.20 | 40870 | 0 | 40870 |
| 4 | | 20 ഏക്കർ നോർത്ത് കുടിവെള്ള പദ്ധതി | 14/09.04.20 | 41730 | 0 | 41730 |
| 5 | | ജോസ് ഗിരി അംഗൻവാടി കുഴൽ കിണർ നിർമ്മാണം | 30/30.11.20 | 187500 | 0 | 187500 |
| 6 | | ഉപ്പാർ അംഗൻവാടി കുഴൽ കിണർ നിർമ്മാണം | 64/16.3.21 | 176400 | 0 | 176400 |
| 7 | | പൊട്ടൻകാട് അംഗൻവാടി കുഴൽ കിണർ നിർമ്മാണം | 63/16.03.21 | 188300 | 0 | 188300 |
| 8 | | 82 അംഗൻവാടി കുഴൽ കിണർ നിർമ്മാണം | 31/30.11.20 | 170500 | 0 | 170500 |
| 9 | | പെത്തലക്കുടി അംഗൻവാടി കുഴൽ കിണർ നിർമ്മാണം | 51/05.03.21 | 70028 | 0 | 70028 |
| 10 | | കോമാളിക്കുടി അംഗൻവാടി കുഴൽ കിണർ നിർമ്മാണം | 53/5.3.21 | 71327 | 0 | 71327 |
| 11 | | ഹോമിയോ ആയുർവേദ ആശുപത്രി കുഴൽ കിണർ നിർമ്മാണം | 54/5.3.21 | 62591 | 0 | 62591 |
| 12 | | 92 അംഗൻവാടി കുഴൽ കിണർ നിർമ്മാണം | 50/5.3.21 | 53026 | 0 | 53026 |
| 13 | | ഷോപ്പിംഗ് കോംപ്ലക്സ് കുഴൽ കിണർ നിർമ്മാണം | 52/5.3.21 | 66959 | 0 | 66959 |
| 14 | | കുഴൽ കിണറുകൾക്ക് വാട്ടർ ടാങ്ക്,മോട്ടോർ | 66/5.3.21 | 340998 | 0 | 340998 |
| 15 | | പഞ്ചായത്തിലെ വിവിധ കുഴൽ കിണറുകൾക്ക് വാട്ടർ ടാങ്ക്, മോട്ടോർ | 69/17.3.21 | 499002 | 0 | 499002 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ തൻവർഷ വായ്പത്തുകയായ ₹1100000/- ഉൾപ്പെടെ ₹16050000/- യുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | തൻ വർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ(കൈ)68/18/ ത.സ്വ.ഭ.വ തീ.18.5.18 | 1100000 | 20341848 | 2153922 | 0 | 19287926 |

2019-20 സാമ്പത്തിക വർഷം ₹778152/-ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ തിരിച്ചടവുണ്ടെങ്കിലും പ്രസ്തുത തിരിച്ചടവ് സാംഖ്യ അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക ₹20066079/-യാണ്. വാർഷിക കണക്കുകളും ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വായ്പ കണക്കുകൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക ₹ | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
| | 1997-98 | 25(2) | Dr.BENNAPPAN C. VETERINARY SURGEON | LF.13006/ CELL. SC2/2001, 27.5.2002 | 7150 | 6007/78, 6.1.2009 | | | | 7150 | 0 | |
| | 1997-98 | 27 | ROBERT CORREYA, HC , In Charge Of SECERETARY | LF.13006/ CELL. SC2/2001, 27.5.2002 | 1000 | 26114/87, 25.4.2002 | | | | 1000 | 0 | |
| | 2003-04 | 3.4 (PART) | N.P.ADAM, ASST. ENGG. | LF.19644/ SP.CELL. SC2/2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |
| | 2003-04 | 3.4 (PART) | K.J. JOSE, ASST. EXE. ENGG. | LF.19644/ SP.CELL. SC2/2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1<br>2-3 | 2016-17 | അനുബന്ധം 3 & 4 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തൽസ്ഥിതി തുടരുന്നു |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹63801227 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹63097270 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹94000 |

(ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 94000 | ശ്രീ. അനന്തകൃഷ്ണൻ, വി.ഇ.ഒ. |

(സി)<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി)<u>നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ )മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനന്തകൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബൈസൺവാലി | ഹരിശ്രീ ഭവൻ, കോമ്പയാർ പി.ഒ. 685552 |

<u>4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-8/666/97, 13.11.99 | 8 | ഭാഗം-3-1,2,<br>ഭാഗം-4-1,2,3,4,5,6 |
| 1997-98 | എൽ.എഫ്.ഐ-8/87/2001, 01.02.2001 | 5 | 24, 25, 26, 27, 28 |
| 1998-99 | എൽ.എഫ്.ഐ-8/412/2000, 19.07.02 | 7 | 20, 21, 22, 23, 24, 25, 27, |
| 1999-00 | എൽ.എഫ്.ഐ-8/375/2002, 20.07.02 | 11 | 20(A)(B), 21, 22, 23, 24, 25, 26, 27, 28, 29 |
| 2000-01 | എൽ.എഫ്.ഐ-8/224/03, 02.07.03 | 5 | 21, 23, 24, 26, 27 |
| 2001-02 | എൽ.എഫ്.ഐ-8/659/03, 27.08.05 | 3 | 2.1, 2.2, 2.3, |
| 2002-03 | എൽ.എഫ്.ഐ-7/519/06, 20.07.06 | 4 | 2.1, 3.1, 3.2, 3.3, |
| 2003-04 | എൽ.എഫ്.ഐ-7/794/07, 06.10.17/01.11.17 | 16 | 2.1, 2.2, 2.3, 2.4, 2.5, 2.6,<br>3.1, 3.2, 3.3, 3.4, 3.5,<br>3.6, 3.7, 3.8(A)(B)(C), |
| 2004-05 | എൽ.എഫ്.ഐ-7/1046/08, 18.4.09/30.09.09 | 11 | 2.1(A)(B)(C),<br>2.2(A)(B)(D),<br>3.1, 3.2, 3.3, 3.4, 3.5, |
| 2005-06 | എൽ.എഫ്.ഐ-7/12/2009, 20.5.09/30.09.09 | 12 | 2.1, 2.2(A)(B)(C), 2.3, 2.4,<br>3.1, 3.2, 3.4, 3.5, 3.6, 3.7, |
| 2006-07 | LFI-7/717/2008, 11.12.2008 | 6 | 2.2, 3.2, 3.3, 3.4, 3.5, 3.6 |
| 2007-08 | എൽ.എഫ്.ഐ-11/1211/2010, 26.03.11 | 14 | 2-3(1),(2), 2.4, 2.5, 2.6,<br>2.7, 2.8, 3.1, 3.2, 3.3,<br>3.4, 3.5, 3.6, 3.7 |
| 2008-09 | എൽ.എഫ്.ഐ-11/1285/2012, 21.01.2013 | 12 | 2.1, 2.2, 2.3, 2.4, 2.5,<br>3.1, 3.2, 3.3, 3.4,<br>3.5, 3.6, 3.7 |
| 2009-10 | എൽ.എഫ്.ഐ-11/1351/2012, 06.04.13/09.06.14 | 17 | 2-1, 2-2(A),(B), 2-3, 2-4, 2-5, 2-6(A),(B), 3-1,<br>3-2, 3-3, 3-4,3-5, 3-6, 3-7, 3-8,<br>3-9, 3-10, 3-11, |
| 2010-11 & 2011-12 | എൽ.എഫ്.ഐ-11/550/2014, 01.10.14 | 12 | 2.1, 2.2(A,B,C,D), 2.3,<br>2.4, 3.1, 3.2, 3.3, 3.4,<br>3.5, 3.6, 3.7, 3.8,, |
| 2012-13 | എൽ.എഫ്.ഐ-11/1260/2014, 10.11.2014 | 13 | 2.1, 2.2, 2.3, 3.1, 3.2, 3.3, |

| | | | |
|---|---|---|---|
| | | | 3.4, 3.5, 3.6, 3.7, |
| | | | 3.8, 3.9, 3.10, |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ-11/208/2016, 23.06.16 | 23 | 2.1, 2.2, 2.3, 2.4, 2.5, 2.6,<br>3.1, 3.2, 3.3, 3.4, 3.5,<br>3.6, 3.7, 3.8, 3.9, 3.10,<br>3.11, 3.12, 3.13, 3.14, 3.15, 3.16, 3.17, |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-11/142/2017, 04.02.17 | 9 | 2.1, 2.2, 2.3, 3.1, 3.2, 3.3, 3.4, 3.5, 3.6 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-11/143/2017, 03.02.17 | 5 | 2.1, 2.2, 3.1,3.2,3.3, |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.-11/1373/17, 03.11.17 | 8 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.-11/1313/2018 /07.01.2009 | 12 | 2-1,2-2,2-3,2-4,3-1,3-2,<br>3-3, 3-4,3-5,3-6,3-7,3-8 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-11/652/2019. തീയതി. 06.09.2019 | 5 | 1-12, 2-4, 2-5, 3-1,4-10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്